ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തപ്പെടുന്ന എല്ലാ പരിപാടികൾക്കായും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സഭയുടെയും യുവജനസഖ്യത്തിന്റെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന എല്ലാ പ്രയത്നങ്ങൾക്കുമായി ഞങ്ങൾ അപേക്ഷിക്കുന്നു.....

**ജനം** : *ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...*

**ലീഡർ** : മാർത്തോമ്മാ യുവജനസഖ്യത്തിനായും സഭയിലെ എല്ലാ യുവജനങ്ങൾക്കായും സഖ്യത്തിന് സുധീരമായ നേതൃത്വം നൽകുന്ന സഖ്യം പ്രസിഡന്റ് ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ, ഔദ്യോഗിക ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ആഫീസ് പ്രവർത്തകർ, ശാഖാ-സെന്റർ-ഭദ്രാസന ഭാരവാഹികൾ, സീനിയർ ഫ്രണ്ട്സ്, സഖ്യം സ്നേഹിതർ എന്നിവർക്കുവേണ്ടിയും പഠനത്തിനും ജോലിക്കുമായി സാധ്യതകളുടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി വിദേശ രാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്ന യുവജനങ്ങൾക്കായും യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പരിപാടികൾ, പരിശീലന ക്ലാസ്സുകൾ, സേവന പ്രവർത്തനങ്ങൾ, സഖ്യം ഗ്രാമം പ്രവർത്തനങ്ങൾ, നവതി പരിപാടികളുടെ പൂർത്തീകരണം, ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മാണം എന്നിവയ്ക്കായും ഞങ്ങൾ അപേക്ഷിക്കുന്നു....

**ജനം** : *ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...*

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

കാരുണ്യവാനും കൃപാലുവുമായ ത്രീയേക ദൈവമേ, നിന്റെ ജ്ഞാനത്താൽ ലോകത്തെ നവീകരിക്കുന്ന യുവത ആയിരിപ്പാനും ക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവും ദൈവവുമായി സ്വീകരിച്ച്, ആരാധനയിലൂടെയും പഠനത്തിലൂടെയും സാക്ഷ്യത്തിലൂടെയും സേവനത്തിലൂടെയും അത് ലോകത്തിന് വെളിപ്പെടുത്തുവാനും കാലത്തിന്റെ നിലവിളികളോട് ക്രിയാത്മകമായും ചലനാത്മകമായും പ്രതികരിക്കുവാനും ലഹരി കാർന്നു തിന്നുന്ന ലോകക്രമത്തിൽ ജീവിതം തന്നെയാണ് ലഹരി എന്ന ഉത്തമ ബോധ്യത്തിൽ നിലകൊള്ളുവാനും നവ സാങ്കേതിക വിദ്യകളും അതിന്റെ സാദ്ധ്യതകളും ഗുണപരമായി വിനിയോഗിപ്പാനും സ്രഷ്ടാവിനെ മറക്കാത്ത യുവത ആയിരിപ്പാനും ഞങ്ങളെ സമർപ്പിക്കുന്നു.

*ആമേൻ.*

**ത്രിത്വത്തിനു സ്തുതി...** (പരസ്യാരാധന ക്രമം പുറം 17)

**ഞങ്ങളുടെ കർത്താവായ (മോറാൻ) യേശുമ്ശിഹാ നിന്റെ.......**

(പരസ്യാരാധന ക്രമം പുറം 21)

**പാഠം വായന**

**1.** ദാനി. **1 : 11-17**

**2.** 1 പത്രൊ. **3 : 13-18**

**മാർത്തോമ്മാ യുവജനസഖ്യം**

# യുവജന ഞായർ

## 2023 ഒക്ടോബർ 15

# ആരാധനക്രമം

**(മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ പ്രസിദ്ധീകരിച്ചത്)**

പരസ്യാരാധനക്രമവുമായി ചേർന്ന് ഈ ക്രമം ഉപയോഗിക്കണം.

**ആരാധനാഹ്വാനം**

'സകല ഭൂവാസികളുമായുള്ളോരേ, യഹോവയ്ക്ക് ആർപ്പിടുവിൻ. സന്തോഷത്തോടെ യഹോവയെ സേവിപ്പീൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവീൻ'(സങ്കീ. 100: 1, 2).

**പാട്ട്**

**കൗമാ**

**അപേക്ഷ** - ദൈവമായ കർത്താവേ. . . . (പരസ്യാരാധനക്രമം പുറം 4)

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ** : സർവ്വ സൃഷ്ടിയുടേയും നിർമ്മാതാവും പരിപാലകനും വീണ്ടെടുപ്പുകാരനുമായ ത്രീയേക ദൈവമേ, കഴിഞ്ഞ 90 വർഷം മാർത്തോമ്മാ യുവജനസഖ്യത്തെ നിലനിർത്തിയതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നവതിയുടെ നിറവിൽ നവ്യമായ് തീരുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. ദൈവീക ജ്ഞാനത്താൽ ലോകത്തെ നവീകരിക്കുവാനായി ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ഉത്തമ ബോധ്യത്തിൽ ക്രിയാത്മകമായും ഫലകരമായും ജീവിപ്പാൻ ഞങ്ങൾക്ക് കൃപ നൽകേണമേ. പരീക്ഷകളും പ്രലോഭനങ്ങളും ആസക്തികളും വെല്ലുവിളി ഉയർത്തുന്ന ലോകത്തിൽ ജീവിക്കുമ്പോൾ ദൈവവചനമാകുന്ന ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പണിക്കഴിപ്പിക്കപ്പെട്ടവരായി നിലകൊള്ളുവാനും ക്രിസ്തുവിനോടു കൂടെ ജീവിതം നയിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. സകല ആരാധനയും പുകഴ്ചയും വന്ദനവും നിനക്ക് യോഗ്യമായിരിക്കുന്നു.

**ജനം** : ആമേൻ.

**അനുതാപ പ്രാർത്ഥന**

*'ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു' (സങ്കീ. 32:5).*

(ഓരോ പ്രാർത്ഥനയ്ക്കും '**ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ**' എന്ന് പ്രതിവാക്യമായി പറയണം)

**ലീഡർ :** കാരുണ്യവാനായ ദൈവമേ, ലോകമെമ്പാടും വർദ്ധിച്ചു വരുന്ന അതിക്രമ ങ്ങളേയും ചൂഷണങ്ങളേയും കാണാതെ പ്രതികരണശേഷി നഷ്ടപ്പെട്ട് നിഷ്ക്രിയരായി തീരുകയും ഇരയുടെ പക്ഷം ചേരാതെ നിസംഗതാ മനോഭാവം പുലർത്തുകയും ചെയ്തുപോയ കുറവുകളെ....

**ജനം :** *ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.*

**ലീഡർ :** കൃപാലുവായ ദൈവമേ, സാമൂഹിക മാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ വിനിയോഗിക്കുന്നതിനേക്കാൾ അധികം ദോഷകരമായ സാധ്യതകളെ ഉപയോഗിക്കുകയും മറ്റുള്ളവരുടെ വ്യസനത്തിന് കാരണമാവുകയും തെറ്റായ ബന്ധങ്ങളിലേക്കും പ്രവൃത്തികളിലേക്കും വഴുതി വീഴുകയും ചെയ്തുപോയ കുറവുകളെ.....

**ജനം :** *ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ....*

**ലീഡർ :** ജാതീയവും മതപരവുമായ വേർതിരിവുകളും ദുരഭിമാനക്കൊലകളും അരികുവത്ക്കരിക്കലുകളും അടിച്ചമർത്തലുകളും കൂടിവരികയും രാഷ്ട്രീയ മുതലെടുപ്പുകൾ ശക്തമാകുകയും ചെയ്യുമ്പോൾ മനുഷ്യത്വത്തിന് പ്രാധാന്യം കൊടുക്കാൻ പലപ്പോഴും മറന്നുപോയ ഞങ്ങളുടെ കുറുവകളെ...

**ജനം :** *ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ....*

**മാർ ബാലായുടെ അപേക്ഷ.** (പരസ്യാരാധനക്രമം പുറം 10)

**ഹാലേലുയ്യാ...ഹാലേലുയ്യാ...ഹാലേലുയ്യാ** (പരസ്യാരാധനക്രമം പുറം 11)

**കന്യകമറിയാമിന്റെ പാട്ട്** (പരസ്യാരാധനക്രമം പുറം 11)

**സ്തോത്രപ്രാർത്ഥന**

*'യഹോവയ്ക്ക് സ്തോത്രം ചെയ്‌വീൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്. ദൈവാധി ദൈവത്തിന് സ്തോത്രം ചെയ്‌വീൻ അവന്റെ ദയ എന്നേക്കുമുള്ളത്. കർത്താധികർത്താവിന് സ്തോത്രം ചെയ്‌വീൻ; അവന്റെ ദയ എന്നേക്കുമുള്ളത്' (സങ്കീ. 136:1-3).*

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം **'ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'** എന്ന് പ്രതിവാക്യമായി ഏറ്റു പറയണം)

**ലീഡർ :** ആഗോള ക്രൈസ്തവ സഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, സഭയെ നയിക്കുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പാമാർ, വൈദികർ, സുവിശേഷകർ, സേവിനിമാർ, വിശ്വാസ സമൂഹം എന്നിവർക്കായും എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന വന്ദ്യ വൈദികർക്കായും.....

**ജനം :** *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...*

**ലീഡർ :** ശാസ്ത്ര സാങ്കേതിക മേഖലയിൽ ലോകമെമ്പാടും ഉണ്ടാകുന്ന മുന്നേറ്റങ്ങൾക്കായും നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾക്കായും അത് സൃഷ്ടിക്കുന്ന സാധ്യതകൾക്കായും ചന്ദ്രയാൻ ദൗത്യത്തിലുൾപ്പെടെ രാജ്യം കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾക്കായും.....

**ജനം :** *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...*

**ലീഡർ :** കാലാവസ്ഥാ വ്യതിയാനം രൂക്ഷമാകുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ വല്ലാതെ ബാധിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ അതിന് പ്രതിരോധം സൃഷ്ടിക്കുവാൻ ലോകമെമ്പാടും നടക്കുന്ന എല്ലാ പ്രചരണങ്ങൾക്കായും ബോധവത്ക്കരണ യജ്ഞങ്ങൾക്കായും മുന്നണി പോരാളികൾക്കായും സഭയിലൂടെയും യുവജനസഖ്യത്തിലൂടെയും നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും....

**ജനം :** *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...*

**സാരാംശത്തിൽ ഏകമായിരിക്കുന്ന** (പരസ്യാരാധന ക്രമം പുറം 12)

**150 – ാം മസുമൂർ** (പരസ്യാരാധന ക്രമം പുറം 15)

**മദ്ധ്യസ്ഥ പ്രാർത്ഥന**

*'കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; നിന്റെ ചെവി എന്റെ യാചനകൾക്ക് ശ്രദ്ധിച്ചിരിക്കേണമേ' (സങ്കീ. 130:3).*

(ഓരോ പ്രാർത്ഥനയ്ക്കും **'ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'** എന്ന് പ്രതിവാക്യമായി ഏറ്റു പറയണം.)

**ലീഡർ :** മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചു വരികയും ഓരോ ആഘോഷ കാലവും ലഹരിയുടെ വില്പനയിൽ റെക്കോർഡ് സൃഷ്ടിക്കുകയും ലഹരി ആസക്തി സമൂഹത്തിന്റെ ധാർമ്മിക ബോധത്തെ ബാധിക്കുകയും മൂല്യച്യുതിയിലേക്ക് നയിക്കുകയും ചെയ്യുമ്പോൾ സമൂഹത്തെ ലഹരി വിമുക്തമാക്കുവാൻ സർക്കാരും വിവിധ സന്നദ്ധ സംഘടനകളും വിശിഷ്യ മാർത്തോമ്മാ സഭയും യുവജനസഖ്യവും നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായും ലഹരിവിരുദ്ധ പ്രവർത്തന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും വേണ്ടിയും ഞങ്ങൾ അപേക്ഷിക്കുന്നു...

**ജനം :** *ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...*

**ലീഡർ :** മണിപ്പൂർ സംസ്ഥാനത്തിനായും കലാപത്താൽ പീഡനമനുഭവിക്കുന്നവർക്കായും പലായനം ചെയ്യപ്പെട്ട ജനങ്ങൾക്കായും കൊല്ലപ്പെട്ടവരുടെ പ്രിയപ്പെട്ടവർക്കായും തകർക്കപ്പെട്ട ദൈവാലയങ്ങളിലെ വിശ്വാസികൾക്കായും ദുരിതമനുഭവിക്കുന്ന ജനതയ്ക്ക്